# മനുഷ്യന്റെ വഴികളും, ദൈവത്തിന്റെ വഴികളും - സാക് പുന്നൻ

WFTW 05 ഓഗസ്റ്റ് 2012

യെരുശലേമിലേക്ക് യഹോവയുടെ പെട്ടകം കൊണ്ടുവരുന്നതിന് ദാവീദിന് വലിയ ആഗ്രഹം ഉണ്ടായിരുന്നതായി 2 ശമുവേലിൽ നാം കാണുന്നു. ആ ആഗ്രഹം വളരെ നല്ലതായിരുന്നുവെങ്കിലും ദൈവത്തിന്റെ നിയമം കല്പിച്ചിരുന്നതുപോലെയല്ല അവൻ അത് ചെയ്തത്. വലിയ ദുരന്തമായിരുന്നു അതിന്റെ ഫലം. ദാവീദിന്റെ വിശ്വസ്തരിൽ ഒരാൾ മരിച്ചു. ഒരിക്കൽ ഫെലിസ്ത്യർ പെട്ടകം പിടിച്ചടക്കി കൊണ്ടുപോയപ്പോൾ ദൈവം അവരെ രോഗങ്ങളാൽ ന്യായം വിധിക്കുകയും അവർ പെട്ടകം തിരികെ യിസ്രായേലിലേക്ക് അയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ അവർ ഒരു കാളവണ്ടിയിൽ പെട്ടകം കയറ്റി അയച്ചു. ദാവീദ് ഈ സംഭവം കേട്ടിട്ടുള്ളതാണ്. ലേവ്യ പുത്രന്മാരായ കൊഹാത്യർ വേണം പെട്ടകം ചുമക്കേണ്ടതെന്നു മോശയുടെ ന്യായപ്രമാണം വളരെ വ്യക്തമായി പറയുന്നുണ്ടെന്നും അവനറിയാമായിരുന്നു. എന്നാൽ ഹ്യസ്വദൂരങ്ങൾക്ക് മാത്രമാണ് ഈ രീതിയെന്ന് ദാവീദ് കരുതി. ഇപ്പോൾ കൂടുതൽ ദൂരം കൊണ്ടുവരേണ്ടതുള്ളതിനാൽ ഫെലിസ്ത്യരുടെ രീതിയാണ് നല്ലതും ഉചിതവുമെന്നു അവൻ തീരുമാനിച്ചു. അതിനാൽ പെട്ടകം ഒരു കാളവണ്ടിയിൽ കയറ്റി. വഴിയിൽ വച്ച് കാളകൾ ഇടറിയതിന്റെ ഫലമായി പെട്ടകം താഴെ വീഴാൻ തുടങ്ങി. അപ്പോൾ ഊസ്സാ കൈനീട്ടി പെട്ടകം വീഴാതെ താങ്ങി. ഉടനെ ദൈവം അവന്റെ ദൈവഭയമില്ലായ്മ നിമിത്തം അവനെ വീഴ്ത്തി, അവൻ മരിച്ചു.

ഊസ്സാ എന്താണോ ചെയ്തത് അത് നല്ല ഉദ്ദേശത്തോടെ മാത്രമായിരുന്നു ചെയ്തത്. എന്നാൽ അത് ദൈവീക പ്രമാണങ്ങളുടെ ലംഘനമായിരുന്നു. നല്ല ഉദ്ദേശത്തോടെയാണെങ്കിലും ദൈവവചനത്തിനെതിരായി നാം പോയാൽ കഷ്ടത അനുഭവിക്കേണ്ടി വരും. ശരിയായ കാര്യങ്ങൾ ദുരുദ്ദേശത്തോടെ ചെയ്യുന്നത് ദൈവത്തിനു സ്വീകാര്യമല്ല. അതുപോലെ തന്നെ നല്ല ഉദ്ദേശത്തോടെ തെറ്റായ കാര്യങ്ങൾ ചെയ്യുന്നതും ദൈവത്തിനു സ്വീകാര്യമല്ല. ഫലംകൊണ്ട് പ്രവൃത്തി ന്യായീകരിക്കപ്പെടുന്നില്ല. ഇവിടെ ഊസ്സായുടെ കാര്യത്തിൽ ഫലം നല്ലതായിരുന്നു. പെട്ടകം താഴെ വീഴാതെ അവൻ കാത്തു. എന്നാൽ മോശയുടെ ന്യായപ്രമാണം അനുസരിച്ച് ആരും പെട്ടകം സ്പർശിക്കരുതെന്ന കാര്യം ഊസ്സാക്കും അറിയാം. കൊഹാത്യർക്ക് പോലും പെട്ടകം സ്പർശിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. പെട്ടകം എടുക്കുന്നതിനു മുൻപ് അത് സമാഗമന കൂടാരത്തിന്റെ മറശീല കൊണ്ട് പൊതിയണമായിരുന്നു. അതിനാൽ ആരും നേരിട്ട് പെട്ടകം സ്പർശിച്ചിരുന്നില്ല (സംഖ്യ.4:15). പെട്ടകത്തെ സ്പർശിക്കുന്നവർക്കുള്ള ശിക്ഷ മരണമാണെന്ന് ദൈവം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

നാം സുവിശേഷ പ്രവർത്തനത്തിന് തീരുമാനിക്കുമ്പോൾ ഈ ചോദ്യം അഭിമുഖീകരിച്ചേക്കാം - എങ്ങനെയാണ് ഇത് ചെയ്യേണ്ടത് ?, ദൈവീക മാർഗ്ഗത്തിലോ, മാനുഷീക മാർഗ്ഗത്തിലോ?. ദൈവവേല ചെയ്യുമ്പോൾ ബഹുരാഷ്ട്ര കമ്പനികളുടെ രീതികളെ അനുകരിക്കാമോ? - സുവിശേഷ പ്രവർത്തനങ്ങൾക്ക് ധാരാളം പണം വേണമെന്നാണ് പല ക്രിസ്ത്യാനികളും പറയുന്നത്. പണത്തിലോ, പരിശുദ്ധാത്മാവിലോ ഏതിലാണ് നിങ്ങളുടെ ആശ്രയം? നിങ്ങൾ പറയേണ്ടതിതാണ് - " സുവിശേഷ പ്രവർത്തനം നടത്തുവാൻ ഞങ്ങൾക്ക് പരിശുദ്ധാത്മ ശക്തിയുണ്ടെങ്കിൽ പണമുണ്ടായാലും ഇല്ലെങ്കിലും ദൈവീക വേല നടന്നുകൊള്ളും". ലോകപ്രകാരമുള്ള വ്യവസായ സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമാണ് നിലനിൽപ്പിനു പണം വേണ്ടത്. സഭകളും ഈ അവസ്ഥയിൽ എത്തി, "പണമുണ്ടെങ്കിൽ മാത്രമേ ദൈവിക വേല നടക്കുകയുള്ളു" എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അവരും ലോകപ്രകാരമുള്ള ഈ സംഘടനകളുടെ നിലവാരത്തിലേക്ക് എത്തിയിരിക്കുന്നു എന്നാണ്. സുവിശേഷമോ ദൈവ വേലയോ ആയി പണത്തെ ബന്ധപ്പെടുത്തി ഒരു പരാമർശവും അപ്പോസ്തോല പ്രവർത്തികളിൽ നാം കാണുന്നില്ല. ചില സന്ദർഭങ്ങളിൽ അവർ പണം ശേഖരിച്ചിട്ടുണ്ട്. അത് പക്ഷെ ദരിദ്രരെ സഹായിക്കുന്നതിനുവേണ്ടി ആയിരുന്നു. എന്നാൽ ഒരിക്കലും അത് അപ്പോസ്തോലന്മാർക്ക് നൽകുന്നതിനുവേണ്ടിയായിരുന്നില്ല. ഇന്ന് പല ആളുകളും ചെയ്യുന്നതുപോലെ കൂടുതൽ കൂടുതൽ പണത്തിനായി ദൈവത്തോട് അവർ പ്രാർത്ഥിച്ചില്ല. അവർ പരിശുദ്ധാത്മ ശക്തിക്കായിട്ടായിരുന്നു പ്രാർത്ഥിച്ചത്. ഇന്ന് ലോകത്തിന്റെ രീതികൾ (കാളവണ്ടി) ദൈവീക രീതികൾക്ക് പകരമായിരിക്കുന്നു. അതിനാലാണ് ആത്മീയ മരണം നടക്കുന്നത്. ഇവിടെ ദൈവം നമ്മോട് പറയാൻ ശ്രമിക്കുന്നതെന്താണെന്ന് നാം മനസ്സിലാക്കണം.

പിന്നീട് ദാവീദ് ശരിയായ രീതിയിൽ ലേവ്യരുടെ ചുമലിൽ വച്ചുകൊണ്ട് പെട്ടകം യെരുശലെമിലേക്ക് കൊണ്ടുവന്നു. ഇത്തവണ സന്തോഷം നിറഞ്ഞവനായി അവൻ ദൈവമുമ്പാകെ നൃത്തം ചെയ്തുകൊണ്ടിരുന്നു (6:14). ദൈവത്തോടുള്ള ആരാധനയും സ്തോത്രവും അങ്ങനെയാണവൻ പ്രകടിപ്പിച്ചത്. അവർ വാദ്യമേളങ്ങൾ ഉപയോഗിച്ചു. കൈയ്യടിച്ച് ഉച്ചത്തിൽ പാടി നൃത്തം ചെയ്തു. ദാവീദ് ഒരു ആരാധകനായിരുന്നു. എന്നാൽ അവൻ പട്ടണത്തിലേക്ക് വരുമ്പോൾ നൃത്തം ചെയ്യുന്നത് കണ്ട അവന്റെ ഭാര്യ മീഖൾ വളരെ അസ്വസ്ഥയായി (വാക്യം 16). അവൾ അവനെ ഹൃദയത്തിൽ നിന്ദിച്ചു. അഭിഷിക്തനായൊരു ദൈവദാസനെ അവൾ അംഗീകരിക്കുന്നതുപോലെ ആരാധിക്കാത്തതിനാലാണ് അവൾ നിന്ദിച്ചത്. നിങ്ങൾക്ക് അംഗീകരിക്കാൻ സാധിക്കാത്ത വിധം ആരാധിക്കുന്ന ചില ആളുകൾ ഉണ്ടാകാം. നിങ്ങൾ അവരെ അംഗീകരിക്കണമെന്നില്ല. അതുപോലെ തന്നെ അവരെ നിന്ദിക്കയുമരുത്. മീഖൾ ദാവീദിനെപോലെ നൃത്തം ചെയ്യേണ്ടതില്ല, എന്നാൽ അവൾ ദാവീദിനെ നിന്ദിക്കുവാൻ പാടില്ലായിരുന്നു. നാം ആരാധിക്കുന്ന രീതി മാത്രമാണ് ശരിയെന്നു നാം ഒരിക്കലും കരുതരുത്.

മിക്കവാറും എല്ലാ ക്രിസ്തീയ വിഭാഗങ്ങളും കരുതുന്നത് അവരുടെ ആരാധനക്രമം മാത്രമാണ് ശരിയായിട്ടുള്ളത് എന്നാണ്. മറ്റുള്ളവരും അവരുടെ വഴിയെ വരണമെന്ന് ആവശ്യപ്പെടുന്നു. ചില ക്രിസ്തീയ വിഭാഗത്തിന്റെ ഞായറാഴ്ചയുള്ള ആരാധനായോഗത്തിൽ എല്ലാവരും ഒരു ശവസംസ്കാര ശുശ്രൂഷയിൽ ഇരിക്കുന്നതുപോലെ ശാന്തരായിട്ടു ഇരിക്കുന്നു. അതെന്നെ ഒട്ടും ആകർഷിക്കുന്നില്ല. കാരണം ഒരു ആരാധനാ ശുശ്രൂഷ ഒരിക്കലും ഒരു ശവസംസ്കാര ശുശ്രൂഷ പോലെയാകരുത്. ക്രൂശിപ്പോൾ ശൂന്യമാണെന്നും, യേശു കല്ലറ തുറന്നു മരണത്തെ ജയിച്ചെഴു ന്നേറ്റിരിക്കുന്നുവെന്നുമുള്ള വസ്തുത അറിഞ്ഞു സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ട സമയമാണത്. എന്നാൽ ഇവിടെ ആളുകൾ യേശു ഇപ്പോഴും മരിച്ചിരിക്കുകയാണെന്നതുപോലെ ഇരിക്കുന്നു. എന്നാൽ മറ്റു ചില ക്രിസ്തീയ വിഭാഗങ്ങൾ ഇതിന്റെ നേരെ എതിർദിശയിലേക്ക് പോകുന്നു. ശബ്ദം ഒരു പ്രത്യേക നിലയിൽ എത്തുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുള്ളതെന്നാണ് അവർ കരുതുന്നത്. അതിനാൽ അവർ "പരിശുദ്ധാത്മാവിനെ അവരുടെ മദ്ധ്യേ കൊണ്ടുവരുന്നതിന് " ശബ്ദമുയർത്തി വൈകാരികമായ അനുഭൂതി സൃഷ്ടിക്കുന്നു. ഇതും ഒരു ചതിയാണ്. ശബ്ദം ഉയർത്തുന്നതിനനുസരിച്ചല്ല പരിശുദ്ധാത്മാവ് വരുന്നത്. അത് അത്ര എളുപ്പമായിരുന്നെങ്കിലെന്നു എനിക്കും ആഗ്രഹമുണ്ട്. എന്നാൽ അങ്ങനെയല്ല, നിങ്ങൾക്ക് ശുദ്ധ മനസാക്ഷി ഉണ്ടായിരിക്കണം.

ഈ രണ്ടു വിഭാഗങ്ങളെയും നിന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ തന്നെ ഈ രണ്ടു വിഭാഗങ്ങളേയും അനുകരിക്കുവാനും ഞാൻ തയ്യാറല്ല. എന്റേതായ രീതിയിൽ ദൈവത്തെ ആരാധിക്കുവാൻ എനിക്ക് സ്വാതന്ത്ര്യമുണ്ട്. മറ്റൊരാൾ ആരാധിക്കുന്ന രീതിയെ ഒരിക്കലും നിന്ദിക്കരുത്. അതുപോലെ തന്നെ നിങ്ങളുടെ ആരാധനാ രീതി മാത്രമാണ് ശാരിയായിട്ടുള്ളതെന്നും കരുതരുത്. മറ്റുള്ളവർക്കും സ്വാതന്ത്ര്യം നൽകുക. ദൈവം പുറമെയുള്ള പ്രകടനങ്ങളല്ല, ഹൃദയങ്ങളെയാണ് നോക്കുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)